# തിരുവനന്തപുരം വികസന അതോറിറ്റി

TRIDA

വഴുതക്കാട്, തിരുവനന്തപുരം-695010

ഫോൺ : 2722748, 2722043, 8714633750


**കേശവദാസപുരം - കേദാരം കോംപ്ലക്സിന് മുൻവശത്തുള്ള റെസ്റ്റ് റൂം & ടോയ്‌ലറ്റ് ബ്ലോക്ക് - നടത്തിപ്പ് അവകാശം-ലേലം ചെയ്യുന്നത് -സംബന്ധിച്ച്**

തിരുവനന്തപുരം വികസന അതോറിറ്റിയുടെ ഉടമസ്ഥതയിൽ കേശവദാസപുരം കേദാരം കോംപ്ലക്സിനു മുൻവശത്തായി നിർമ്മിച്ചുള്ള റെസ്റ്റ് റൂം & ടോയ്‌ലെറ്റ് ബ്ലോക്ക് കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് ഏറ്റെടുത്ത് നടത്താൻ താൽപര്യമുള്ള വ്യക്തികളിൽ നിന്നും ഏജൻസികളിൽ നിന്നും സീലു ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. നിർദ്ദിഷ്ട ഫോറത്തിലുള്ള ക്വട്ടേഷനുകൾ 19/04/2024 -ാം തീയതി വൈകുന്നേരം 3.00 മണിക്ക് മുമ്പായി 2000/- രൂപ നിരതദ്രവ്യമുൾപ്പെടെ വഴുതയ്ക്കാട്ടുള്ള ട്രിഡ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

പ്രസ്തുത ടോയ്‌ലെറ്റ് ബ്ലോക്ക് കരാർ അടിസ്ഥാനത്തിൽ നൽകുന്നതിന് വേണ്ടിയുള്ള ലേലം 20/04/2024-ാം തീയതി രാവിലെ 11.00 മണിയ്ക്ക് ട്രിഡ ഓഫീസിൽ വച്ച് നടത്തുന്നതും ലേലത്തിന് ശേഷം സീലു ചെയ്ത ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളവർ അന്നേ ദിവസം രാവിലെ 11.00 മണിയ്ക്ക് മുമ്പായി ട്രിഡാ ഓഫീസിൽ ഹാജരാകേണ്ടതാണ്. താൽപര്യമുള്ളവർക്ക് നിർദ്ദിഷ്ട നിരതദ്രവ്യം അടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ക്വട്ടേഷനിലും ലേലത്തിലും പങ്കെടുക്കുന്നവർ പ്രത്യേകം പ്രത്യേകം നിരതദ്രവ്യം അടയ്ക്കേണ്ടതാണ്. പ്രതിമാസ വാടകയിൻ മേലാണ് ലേലം നടത്തുന്നത്. ട്രിഡ നിശ്ചയിച്ചിരിക്കുന്ന മിനിമം പ്രതിമാസ വാടക 10,000/-രൂപ + GST ആണ്. ലേലത്തിലും ക്വട്ടേഷനിലും കൂടുതൽ തുക ഏതാണ് എന്ന് പരിശോധിച്ചതിന് ശേഷം കരാറുകാരനെ നിശ്ചയിക്കുന്നതായിരിക്കും. ക്വട്ടേഷൻ/ലേല ദിവസം ഏതെങ്കിലും കാരണവശാൽ പൊതു അവധിയാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷൻ/ലേലം നടത്തുന്നതായിരിക്കും. കൂടാതെ ട്രിഡ നിശ്ചയിച്ചിരിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ 1,20,000/- രൂപ നിശ്ചിത സമയപരിധിക്കുള്ളിൽ ഒറ്റത്തവണയായി അടയ്ക്കേണ്ടതാണ്. ലേലത്തെ സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നതിന് ട്രിഡ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും നേരിട്ടറിയാവുന്നതാണ്.

ഒപ്പ്

സെക്രട്ടറി

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് & റവന്യൂ ഓഫീസർ

**നമ്പർ :** ആർ2/1991/2023/ട്രിഡ

**തീയതി :** 05/04/2024

പകർപ്പ് :

1. ട്രിഡ ഓഫീസ് നോട്ടീസ് ബോർഡ്
2. കേദാരം, സാഫല്യം, സായൂജ്യം,ഷോപ്പിംഗ് കോംപ്ലക്സ്,ടോയിലറ്റ് ബ്ലോക്ക് ,മെഡിക്കൽ കോളേജ്, etc.
3. മെഡിക്കൽ കോളേജ് ഏരിയ ട്രിഡ കോംപ്ലക്സ്,
4. തിരുവനന്തപുരം കോർപ്പറേഷൻ നോട്ടീസ് ബോർഡ്.
5. ട്രിഡ വെബ് സൈറ്റ്

LR/-